Kerala State Council for
Science, Technology and Environment
Sasthra Bhavan, Pattom P.O. Thiruvananthapuram - 695 004, Kerala State, India
Tel: 0471 - 2548200-09, EVP - 2543557, 2548222,
MS - 2534605, 2548220, CoA - 2543556, 2548248
Fax: 0471-2540085, 2534605 e-mail: mail.kscste@kerala.gov.in, www.kscste.kerala.gov.in

കേ.ശാ.സാ.പ.കൗൺസിൽ - കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഫെല്ലോഷിപ്പ് പദ്ധതി - പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Council (M) Order No4/2020/KSCSTE തിരുവനന്തപുരം തീയതി:06/01/2020

പരാമർശം: 20.11.2019 ൽ കൂടിയ 52-) മത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മിനിട്സിലെ ഇനം നമ്പർ 52.17 പ്രകാരമുള്ള തീരുമാനം

## ഉത്തരവ്

ശാസ്ത്രത്തിലും എഞ്ചിനീയറിങ്ങിലുമുള്ള ഗവേഷണത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ തുടങ്ങിയ പദ്ധതിയാണ് ഫെല്ലോഷിപ്പ് പ്രോഗ്രാം. കൗൺസിൽ നൽകുന്ന ഫെലോഷിപ്പ് ദേശീയതലത്തിൽ നൽകുന്ന ഫെലോഷിപ്പ് (സി. എസ്. ഐ. ആർ / യു. ജി.സി. / ഡി.എസ്.ടി.) തുകക്കു തുല്യം നിൽക്കുന്നതായിരുന്നു. ഈ ഏജൻസികൾ കാലാകാലങ്ങളിൽ ഫെലോഷിപ്പ് പുതുക്കുന്നതിനനുസരിച്ച് കൗൺസിലും ഫെലോഷിപ്പ് തുക പുതുക്കാറുണ്ടായിരുന്നു. ഫെലോഷിപ്പ് പരിഷ്കരണം കൗൺസിൽ അവസാനം കൈക്കൊണ്ടത് 2018-ൽ ആയിരുന്നു. ഫെലോഷിപ്പ് പരിഷ്കരണം വൈകുന്നതും കുറഞ്ഞ തുകയിലുള്ള ഫെലോഷിപ്പ് നൽകുന്നതും ധാരാളം ഗവേഷകർ കൗൺസിൽ ഫെലോഷിപ്പ് ഉപേക്ഷിക്കുന്നതിനും, അതിന്റെ ഫലമായി ഫെലോഷിപ്പിന് അനുവദിച്ച തുക നഷ്ടമാവുന്നതിനും കാരണമാവുന്നുണ്ട്. അപ്രകാരം ഓരോ വർഷവും ശരാശരി 25% ഗവേഷകർ കുറയുന്നുണ്ട്. ഈ വസ്തുതകളുടെ പശ്ചാത്തലത്തിൽ മിടുക്കരായ വിദ്യാർത്ഥികളെ കൗൺസിൽ ഫെലോഷിപ്പിൽ തുടരാനും, ഫെലോഷിപ്പ് ആകർഷകവും മത്സരപരവുമാക്കുന്നതിനുള്ള ഫെലോഷിപ്പ് പരിഷ്കരണ നിർദ്ദേശങ്ങൾ 20.11.2019 ൽ കൂടിയ 52-) മത് എക്സിക്യൂട്ടീവ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുകയും എക്സിക്യൂട്ടീവ് കമ്മിറ്റി ഇനം നമ്പർ 52.17 പ്രകാരം ഇക്കാര്യം അംഗീകരിക്കുകയും ചെയ്തു.

ഈ സാഹചര്യത്തിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൻറെ ഫെല്ലോഷിപ്പ് പദ്ധതി താഴെപ്പറയുന്ന രീതിയിൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

- കെഎസ്‌സിഎസ്‌ടിഇ റിസർച്ച് ഫെലോഷിപ്പ് തുക ദേശീയ തലത്തിന് തുല്യമായി JRF ന് ₹31,000 രൂപയും SRF ന് ₹35,000 / -. വർദ്ധിപ്പിക്കുന്നു.
- ദേശീയ തലത്തിലുള്ള ഫെലോഷിപ്പ് പരിഷ്കരണം നടക്കുമ്പോഴെല്ലാം കെഎസ്‌സിടിഇ ഫെലോഷിപ്പും ദേശീയ തലത്തിലുള്ള ഫെലോഷിപ്പിന് തുല്യമായി വർദ്ധിപ്പിക്കാവുന്നതാണ്.
- എല്ലാ കൗൺസിൽ ഗവേഷകരും ലഭ്യമായ ഹോസ്റ്റൽ സൗകര്യം ഉപയോഗിക്കേണ്ടതാണ്. ഇവർക്കു കൗൺസിൽ എച്ച്ആർഎ -യ്ക്ക് അർഹതയില്ല. (ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ്മെന്റ് അനുവദനീയമല്ല.) ഹോസ്റ്റൽ സൗകര്യം സാധ്യമല്ലാത്ത സാഹചര്യത്തിൽ, അവരുടെ ഫെലോഷിപ്പിൻറെ പരമാവധി 10%, വീട്ടു വാടക അലവൻസായി അനുവദിക്കുന്നതാണ്.
- ഫെലോഷിപ്പ് വർദ്ധനവ് 2020 ജനുവരി 1 മുതൽ ബാധകമാണ്.

S. PRADEEP KUMAR
MEMBER SECRETARY

സ്വീകർത്താവ്

കൗൺസിൽ ആസ്ഥാനത്തെ എല്ലാ ഗ്രൂപ്പ് തലവന്മാർക്കും

പകർപ്പ്

കൗൺസിൽ വെബ് സൈറ്റ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ